# തീരദേശ നിയമം വ്യവസായികൾക്കുവേണ്ടി തിരുത്തുമ്പോൾ

**ആശ**

തിരുവനന്തപുരം: തീരദേശ സംരക്ഷണ നിയമത്തിൽ അയവുവരുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ ഭേദഗതി നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെത്തന്നെ ചോദ്യം ചെയ്യും വിധമായിരിക്കുന്നു. ആർക്കും തീരപ്രദേശത്തെ ഒരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യാമെന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

1999 ആഗസ്റ്റ് 5നാണ് പുതിയ ഭേദഗതി പ്രഖ്യാപിച്ചത്. ഇതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള പരിധി അൻപതു മീറ്ററായി കുറച്ചിട്ടുണ്ട്. മുൻപിത് 200 മീറ്ററായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുന്നതിന് കേന്ദ്രഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോ പ്രാദേശികാധികാരികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതു കൂടാതെ, നാഷണൽ പാർക്കുകൾ, മത്സ്യ പ്രജനന കേന്ദ്രങ്ങൾ എന്നിവയൊഴികെയുള്ള സ്ഥലങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളടക്കം ദ്രവരൂപത്തിലുള്ള പ്രകൃതിവാതകങ്ങളുടെ സംഭരണത്തിനും അനുമതി നൽകിയിട്ടുണ്ട്. ഈ സൗകര്യം വ്യാവസായികളും വൻകിട ഹോട്ടൽ ഉടമകളും മുതലെടുക്കും.

നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകാൻ പ്രാദേശിക അധികാരികൾക്ക് ചുമതല കൊടുത്തിരിക്കുന്നതും സംശയമുണ്ടാക്കുന്നു.

പരമ്പരാഗതമായി തീരദേശത്ത് അധിവസിക്കുന്നവർക്കുള്ള അവകാശങ്ങൾ 1991 ഫെബ്രുവരി 19ന് മുൻപ് തീരദേശത്ത് താമസിച്ചിരുന്നവർക്കും അവരുടെ പിൻതലമുറക്കും കൂടി ബാധകമാക്കിക്കൊണ്ട് വരുത്തിയ ഭേദഗതിയും ശങ്കയുണർത്തുന്നു. ഇത് വൻകിട മത്സ്യഫാമുകളെയും റിയൽ എസ്റ്റേറ്റ് വ്യവസായികളെയും ലാക്കാക്കിയാണ്.

1999 മാർച്ച് 8ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ തീരദേശ സംരക്ഷണനിയമം കർശനമായി പാലിക്കാനും നിയമം ലംഘിച്ചുള്ള കെട്ടിടങ്ങൾ പൊളിക്കാനും ഉത്തരവിട്ടിരുന്നു. ഇതനുസരിച്ച് കോവളത്തെ സോമതീരം ആയൂർവ്വേദിക് ബീച്ച് റിസോർട്ട്, മണൽത്തീരം റിസോർട്ട് എന്നിവ പൊളിച്ചു മാറ്റേണ്ടിവരും. അതുപോലെതന്നെ, തിരുവനന്തപുരത്ത് വേളിയിലുള്ള ടൈറ്റാനിയം ഫാക്ടറി പോലെയുള്ള നിരവധി ഫാക്ടറികൾ വ്യവസായിക മാലിന്യങ്ങൾ നേരിട്ട് കായലിലും പുഴയിലും ഒഴുക്കുന്നുണ്ട്. ഇത്തരം കമ്പനികൾ പുതിയ ഭേദഗതിമൂലം കുറേക്കൂടി വ്യാപകമാവുമെന്നു കരുതേണ്ടിയിരിക്കുന്നു.

വ്യവസായമേഖലയും ടൂറിസം മേഖലയും പുതിയ ഭേദഗതിയെ രണ്ടു കയ്യും നീട്ടി സ്വാഗതം ചെയ്യുന്നു എന്നതും ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്. നദിക്കും കായലിനും നിയന്ത്രണമേർപ്പെടുത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് '99 ഡിസംബർ 29ന് മലയാളത്തിലെ ഒരു പ്രമുഖപത്രം മുഖ പ്രസംഗമെഴുതിയതും ശ്രദ്ധേയമാണ്. ഈ പത്രത്തിന് ടൂറിസം മേഖലയിൽ പ്രത്യേക താൽപ്പര്യമുണ്ട്. ടൂറിസം മേഖലയിലുണ്ടാകാം പല വികസന പ്രവർത്തനങ്ങളും തീരദേശ സംരക്ഷണ നിയമത്തിന്റെ കുരുക്കിൽ കുടുങ്ങികിടക്കുകയാണെന്നതാണ് ഇവരുടെ പ്രധാന പരാതി. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കി കൂടുതൽ ഇളവു വരുത്തണമെന്നും പമ്പ, പെരിയാർ തുടങ്ങിയ നദികളേയും അഷ്ടമുടി, വേമ്പനാട് തുടങ്ങിയ കായലുകളെയും നിയമപരിധിയിൽനിന്ന് ഒഴിവാക്കണമെന്നതാണ് ഇവരുടെ മറ്റൊരാവശ്യം. കായൽ ടൂറിസത്തിൽ ഇവർ വലിയതോതിൽ മുതൽ മുടക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തീരദേശ സംരക്ഷണനിയമത്തിലെ പുതിയ പഴുതുകൾ യഥാർത്ഥ തീരദേശവാസിയെ അവിടെനിന്നു തുരത്തും. വികസന പ്രവർത്തനങ്ങളുടെ ഫലമായി കാടിന്റെ യഥാർത്ഥ അവകാശികളെ അവരുടെ സ്വന്തമിടങ്ങളിൽ നിന്ന് ഓടിച്ചതുപോലെ, വകതിരിവില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങളും ഒക്കെ ചേർന്ന് തീരപ്രദേശത്തെ ജനങ്ങളെ അവിടെനിന്ന് കുടിയൊഴിപ്പിക്കും.

